# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.838 — 14.01.2021-ൽ മറുപടിയ്ക്ക്

## കലാകാരൻമാർക്ക് സമാശ്വാസ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. എൻ. എ. ഖാദർ :** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) കോവിഡ്-19 പ്രതിരോധ നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് കൈക്കൊണ്ട നിയന്ത്രണങ്ങൾ കാരണം ഉപജീവനമാർഗ്ഗം തടസ്സപ്പെട്ട അസംഘടിതരായ കലാകാരൻമാരെ സഹായിക്കുന്നതിന് വകുപ്പ് കൈക്കൊണ്ട നടപടികൾ അറിയിക്കുമോ; | എ) കോവിഡ് മഹാമാരി മൂലം ഉപജീവനമാർഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരൻമാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപ വീതം രണ്ടുമാസത്തേയ്ക്ക് അടിയന്തിര ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡു മുഖേന ഇതുവരെ ആകെ 4323 പേർക്ക് 2000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്.<br>സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും ഇതുവരെ മറ്റ് യാതൊരു ധനസഹായവും ലഭിച്ചിട്ടില്ലാത്തവരുമായ 30000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും 1000/- രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് തുക വിതരണം ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| ബി) | കലാകാരൻമാർക്ക് സമാശ്വാസ ധനസഹായം വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോ; ഈയിനത്തിൽ ചെലവഴിച്ച തുകയെത്രയെന്നും എത്ര ഗുണഭോക്താക്കൾക്ക് ഈ സഹായം നൽകിയെന്നുമുള്ള കണക്കുകൾ നൽകാമോ; ഇനിയും ധനസഹായം നൽകുന്നതിന് അവശേഷിക്കുന്നുണ്ടോ; ഇതിനാവശ്യമായ ഫണ്ട് ഏതിൽ നിന്നും ചെലവഴിച്ചു; അറിയിക്കുമോ? | ബി) | ഉണ്ട്. കോവിഡ്-19 അനുബന്ധ ലോക്ഡൗൺ മൂലം കഷ്ടപ്പെടുന്ന കലാകാരൻമാർക്കും സാംസ്കാരിക മേഖലയിലെ അനുബന്ധ പ്രവർത്തകർക്കുമുള്ള സമാശ്വാസ ധനസഹായ പദ്ധതി പ്രകാരം 32000 പേർക്ക് പ്രതിമാസം 1000/- രൂപ വീതം രണ്ട് മാസമായി ആകെ 640 ലക്ഷം രൂപ ചിലവഴിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ അക്കാദമികളുടെ പദ്ധതി വിഹിതത്തിൽ നിന്നും ധനപുനർ വിനിയോഗത്തിലൂടെയാണ് ഈ തുക കണ്ടെത്തിയത്.<br><br>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് വഴി 4323 കലാകാരൻമാർക്ക് 2000 രൂപ വീതം ആകെ 86.46 ലക്ഷം രൂപ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ധനസഹായമായി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന കലാകാരൻമാർക്ക് 1000 രൂപ വീതം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>സാംസ്കാരിക വകുപ്പ് മുഖേനയോ അക്കാദമികൾ മുഖേനയോ ഇതുവരെ യാതൊരു ധനസഹായവും ലഭിച്ചിട്ടില്ലാത്ത 30,000 കലാകാരൻമാർക്ക് കൂടി ധന സഹായമായി 1000/- രൂപ വീതം വിതരണം ചെയ്യുന്നതിന് ആകെ 3 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച് തുക വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ